പ്രൈമറി വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരണം

* 254 [393] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, എം. എം. ഹസ്സൻ:
,, പന്തളം സുധാകരൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രൈമറി വിദ്യാഭ്യാസത്തിന് ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഇല്ല.

ശ്രീ. എം. എം. ഹസ്സൻ: സെക്കണ്ടറി വിദ്യാഭ്യാസരംഗത്ത് വളരെയേറെ പ്രശ്നങ്ങളും സങ്കീർണ്ണമായിട്ടുള്ള സാഹചര്യത്തിൽ ഹൈസ്കൂളും വിദ്യാഭ്യാസത്തിന്റേയും പ്രൈമറിവിദ്യാഭ്യാസത്തിന്റേയും പ്രവർത്തനങ്ങളും വികേന്ദ്രീകരിച്ചുകൊണ്ട് പ്രൈമറി വിദ്യാഭ്യാസത്തിന് പ്രത്യേകമായി ഒരു ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന ആവശ്യം അദ്ധ്യാപക സംഘടനകളോ അതുപോലെയുള്ള വിദ്യാഭ്യാസപരിഷ്കാര സമിതികളോ ആരെങ്കിലും ഗവൺമെന്റിന്റെ മുമ്പിൽ നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഇങ്ങനെ ഒരു പ്രൈമറി ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന ആവശ്യവും രൂപീകരിക്കരുതെന്ന ആവശ്യവും രണ്ടു വിഭാഗങ്ങളിലുള്ള സംഘടനകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങളും പരിഗണിച്ചുകൊണ്ട് ഈ പ്രൈമറി ഡയറക്ടറേറ്റ് പ്രശ്നങ്ങളും ലഘൂകരിക്കുന്നതിന് സഹായിക്കുമെന്നും ഈ ഗവൺമെന്റിനഭിപ്രായമുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഈ വിഷയം വളരെ വർഷങ്ങളായിട്ട് ഉയർന്നുവരുകയും വിശദമായിട്ട് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തതാണ്. ഇന്നത്തെ സംവിധാനത്തിൽ നമുക്ക് വലിയ പോരായ്മകളുണ്ട്. ഇത് ബോദ്ധ്യപ്പെടാത്തതുകൊണ്ടും ഇപ്പോഴും ആവശ്യപ്പെട്ടിട്ടുള്ള ഈ പ്രൈമറി ഡയറക്ടറേറ്റ് രൂപീകരിക്കുകയാണെങ്കിൽ ഉണ്ടാകാവുന്ന അധികച്ചെലവ് കണക്കിലെടുത്തുകൊണ്ടുമാണ് ഈ പ്രപ്പോസൽ ഗവൺമെന്റ് അംഗീകരിക്കാത്തത്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: വിദ്യാഭ്യാസ രംഗത്ത് ഏറ്റവുമധികം വിദ്യാലയങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നത് പ്രൈമറി വിദ്യാഭ്യാസരംഗമാണെന്നുള്ളതുകൊണ്ട് അവിടത്തെ പ്രശ്നങ്ങളും തീർക്കുന്നതിനുവേണ്ടി ഇതിന് പ്രത്യേകമായൊരു ഡയറക്ടറേറ്റ് ഉണ്ടാകുന്നതല്ലേ നല്ലത്?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം പറയുന്ന ഒരഭിപ്രായം വിദ്യാഭ്യാസ സ്ഥാപനങ്ങളും കൂടുതലുള്ളത് പ്രൈമറിരംഗത്താണെന്നുള്ളതാണ്. ആകെയുള്ള 12,000 വിദ്യാലയങ്ങളിൽ 9,000 വിദ്യാലയങ്ങളും പ്രൈമറിമേഖലയിൽത്തന്നെയാണ്. അതുകൊണ്ട് അവിടത്തെ പ്രശ്നങ്ങളും രൂക്ഷമാകണമെന്നർത്ഥമില്ല. ഇപ്പോഴുള്ള സംവിധാനമനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുന്നുണ്ട്. അതുകുറച്ചുകൂടി സ്ട്രെങ്തൻ ചെയ്ത പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: നമ്മുടെ സമൂഹത്തിൽ ഏറ്റവും പ്രാധാന്യം കൊടുക്കുന്ന പ്രൈമറി വിദ്യാഭ്യാസരംഗത്തും പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്തും കൂടുതൽ ശദ്ധ ഉണ്ടാകുന്നതിനുവേണ്ടി ഇത്തരമൊരു ഡയറക്ടറേറ്റ് ഉണ്ടാക്കണമെന്ന കാര്യത്തെസംബന്ധിച്ച് അദ്ധ്യാപക സംഘടനകളും മറ്റാളുകളുമെല്ലാം വളരെ കാര്യമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് വിശദമായൊരു പഠനം നടത്തുകയും അത് എത്രയും വേഗം നടപ്പിലാക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇത് വിശദമായ പരിശോധനയ്ക്ക് വിധേയമായിട്ടുള്ള വിഷയമാണ്. ഏഴാം നിയമസഭയിൽത്തന്നെ ഇതിനെ സംബന്ധിച്ചൊരു അനൗദ്യോഗിക പ്രമേയം വരുകയും അതിവിടെ ചർച്ച ചെയ്യുകയും ചെയ്തതാണ്. അന്നും ഇതിന്റെ വിവിധവശങ്ങളെ സംബന്ധിച്ച് ഈ നിയമസഭയിൽ പറഞ്ഞിരുന്നു. ഇപ്പോഴത്തന്നെ പ്രൈമറി വിദ്യാലയങ്ങളും സെക്കണ്ടറി വിദ്യാലയങ്ങളോട് ചേർന്നു പ്രവർത്തിക്കുന്നുണ്ട്. പ്രൈമറി വിദ്യാലയത്തിന്റേയും സെക്കണ്ടറി വിദ്യാലയത്തിന്റേയും മേൽനോട്ടം ഒരു പ്രധാന അദ്ധ്യാപകൻതന്നെ വഹിക്കുന്ന ധാരാളം വിദ്യാലയങ്ങളും കേരളത്തിലുണ്ട്. ഡൈഫർക്കേഷൻ വരുമ്പോൾ അവിടെ ബുദ്ധിമുട്ടുകളുണ്ടാകാവുന്നതാണ്. പിന്നെ ഇത് വേണമെന്നാവശ്യപ്പെട്ടുകൊണ്ട് മുന്നോട്ടുവന്നിരിക്കുന്ന ആളുകളുടെ പ്രപ്പോസൽ പരിഗണനയിലെടുക്കുമ്പോൾ ഡയറക്ടറേറ്റ് മുതൽ താഴേയ്ക്ക് ഇന്ന് വിദ്യാഭ്യാസ ഡയറക്ടറേറ്റിലുള്ള അതേ സംവിധാനംതന്നെയാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും ഇന്നുണ്ടാകാവുന്ന ചെലവ് ഇനിയും കൂടുതൽ വർദ്ധിക്കും. ഇപ്പോഴത്തന്നെ ചെലവിന്റെ 40 ശതമാനത്തിലേറെ വിദ്യാഭ്യാസത്തിനാണ് നമ്മൾ ചെലവഴിക്കുന്നത്. ആകെ ചെലവാക്കുന്ന പണത്തിന്റെ 90 ശതമാനവും ശമ്പത്തിനുവേണ്ടി ചെലവാക്കുകയും ചെയ്യുകയാണ്. അപ്പോൾ ഇങ്ങനെയൊരു സംവിധാനം കൂടുതലായിട്ടുണ്ടായാൽ ഗുണനിലവാരം ഒരു ഭാഗത്ത് മെച്ചപ്പെടുമെന്ന് പറയുന്നുണ്ടെങ്കിലും അധികച്ചെലവ് വരും. അതിനകത്ത് കുറെ സത്യമില്ല എന്നു ഞാൻ പറയുന്നില്ല. അതിനേക്കാളുപരി അധികച്ചെലവ് നമുക്ക് വരുത്തിവയ്ക്കുമെന്നുള്ളതുകൊണ്ട്, ബുദ്ധിമുട്ടുണ്ട്. ഇപ്പോഴുള്ള സംവിധാനം കുറച്ചുകൂടി മെച്ചപ്പെടുത്താം. മെച്ചപ്പെടുത്തുമ്പോൾ ഭംഗിയായി പ്രവർത്തിക്കാൻ കഴിയും.

ശ്രീ. കെ. രാഘവൻമാസ്റ്റർ: ഇതിനെ സംബന്ധിച്ച് വ്യക്തമായൊരു പഠനം നടത്തുവാൻ എന്തെങ്കിലും സംവിധാനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഒരു പഠനം നടത്തുന്നതിന് എന്തെങ്കിലുമേർപ്പാട് ചെയ്യുമോ?

ശ്രീ. ടി. എം. ജേക്കബ്: പ്രത്യേകമായ കമ്മീഷനെ നിയോഗിച്ച് പഠനം നടത്തിയിട്ടില്ല. ഡിപ്പാർട്ടുമെന്റിൽത്തന്നെയുള്ള സൗകര്യങ്ങളുപയോഗിച്ചുകൊണ്ടാണ് ഇതിനെക്കുറിച്ച് പരിശോധന നടത്തിയിരിക്കുന്നത്.

ശ്രീ. എ. കെ. പത്മനാഭൻ: പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി ഒരു ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന ആവശ്യം പ്രധാനമായും ഉയർന്നുവന്നത് പ്രൈമറിയിലും സെക്കണ്ടറിയിലുമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി ഡി. പി. ഐ. ഓഫീസുപോലെയുള്ളിടത്ത് പോകണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ളളതുകൊണ്ടാണ്. അതുകൊണ്ട് ഇതിനുപകരമായി അധികാരം വികേന്ദ്രീകരിച്ചുകൊണ്ട് ഡി. പി. ഐ. ഓഫീസിൽ ചെയ്യേണ്ടകാര്യങ്ങളെല്ലാം എ. ഇ. ഒ., ഡി. ഇ. ഒ. ഓഫീസ് തലങ്ങളിലേയ്ക്കും ഡി. ഡി. ഒ. ഓഫീസ് തലങ്ങളിലേയ്ക്കും മാറ്റാനാവശ്യമായ നടപടികളും ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: പ്രൈമറി വിദ്യാലയങ്ങളുടെ ഏറ്റവും അടിസ്ഥാനഘടകമായി പ്രവർത്തിക്കുന്നത് എ. ഇ. ഒ. ഓഫീസുകളാണ്. അവരാണ് അതിന്റെ പൂർണ്ണമായ നടത്തിപ്പും ഡി. പി. ഐ. ഓഫീസിൽത്തന്നെ പ്രൈമറിവിദ്യാഭ്യാസത്തിന്റെ കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുവാനും നോക്കുവാനും പ്രത്യേകസംവിധാനമുണ്ട്. അധികാരം കുറെ വികേന്ദ്രീകരിച്ചിട്ടുണ്ട്. ഇനിയും ഇക്കാര്യങ്ങളും ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ട്.

ശ്രീ. വി. ദിനകരൻ: ദേശീയവിദ്യാഭ്യാസനയംതന്നെ പ്രൈമറിവിദ്യാഭ്യാസത്തിന് കൂടുതൽ മുൻതൂക്കം നൽകണമെന്നുള്ളതാണ്. കേരളത്തിലെ എല്ലാ അദ്ധ്യാപക സംഘടനകളും ആവശ്യപ്പെട്ടിട്ടുള്ളതും കേരളത്തിലെ പല മന്ത്രിമാരും പരസ്യമായി നടപ്പിലാക്കാമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമായ ദേശീയവിദ്യാഭ്യാസനയത്തിന്റെ ഭാഗമായി വരാൻ സാദ്ധ്യതയുള്ള പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുന്നതോടൊപ്പം സെക്കണ്ടറി വിദ്യാഭ്യാസത്തിനുകൂടി ഊന്നൽ കൊടുക്കണമെന്ന സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് പ്രൈമറി വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കണമെന്നുള്ള അദ്ധ്യാപക സംഘടനകളുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മന്ത്രിമാരുടെയുമുൾപ്പെടെയുള്ളവരുടെ വാഗ്ദാനങ്ങളും പാലിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: എല്ലാ അദ്ധ്യാപക സംഘടനകളും ആവശ്യപ്പെട്ടുവെന്നുള്ളത് ശരിയല്ല. ഇത് ചെയ്യരുതെന്ന് അഭിപ്രായമുള്ള അദ്ധ്യാപക സംഘടനകളുമുണ്ട്. ദേശീയവിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പ്രൈമറി ഡയറക്ടറേറ്റ്, രൂപീകരിക്കണമെന്നു പറഞ്ഞിട്ടില്ല. പ്രൈമറി വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുക്കണമെന്നേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. കെ. ഇ. ഇസ്മയിൽ: നമ്മുടെ സംസ്ഥാനത്ത് ധാരാളം അൺ എയിഡഡ് സ്കൂളുകൾ കഴിഞ്ഞ മൂന്നുനാലു വർഷമായി വന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അൺ എയിഡഡ് സ്കൂളുകൾക്കുമാത്രമായി ഒരു അൺ-എയിഡഡ് ഡയറക്ടറേറ്റ് തുടങ്ങുന്നതിനെപ്പറ്റി ആലോചനയിലുണ്ടോ; ആലോചനയിലുണ്ടെന്നൊരു പത്രവാർത്ത ഉണ്ടായിരുന്നു. അത് ശരിയാണോ; അങ്ങനെ ആലോചിക്കുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ധാരാളം അൺ-എയിഡഡ് സ്കൂളുകൾ കൊടുത്തുവെന്നുള്ളത് തെറ്റാണ്. അത് തെറ്റായ ഒരു പ്രചരണമാണ്. അത് ആവർത്തിക്കുന്നുവെന്നേയുള്ളൂ. 1957-ൽ അംഗീകരിച്ചിട്ടുള്ള, ഈ നിയമസഭയിൽത്തന്നെ അംഗീകരിച്ചിട്ടുള്ള ആക്ടും ചട്ടങ്ങളുമനുസരിച്ചുമാത്രമേ അൺ-എയിഡഡ് സ്കൂളുകൾ പ്രവർത്തിപ്പിക്കുകയുള്ളൂ. അൺ-എയിഡഡ് സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നിബന്ധനകൾ വിദ്യാഭ്യാസനിയമത്തിൽത്തന്നെ ഉണ്ട്. അതിന

LIBRARY ARCHIVES Kerala Legislative Assembly

വിധേയമായിട്ടേ അൺ–എയിഡഡ് സകൂളുകൾ കൊടുത്തിട്ടുള്ളു. വളരെ ചുരുക്കം അൺ-എയിഡഡ് സ്കൂളുകൾമാത്രമേ ഗവൺമെൻറ് കൊടുത്തിട്ടുള്ളു.

ശ്രീ. കെ. പി. രാമൻ: പ്രൈമറി വിദ്യാഭ്യാസത്തിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലില്ലാതിരിക്കെ അധികാര വികേന്ദ്രീകരണത്തിൻെറ ഭാഗമായി, ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ ഹെഡ്മാസ്റ്റർമാർക്ക് പ്രത്യേകാധികാരം നൽകുന്നതിനു വേണ്ടി ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: പ്രൈമറി സ്കൂളുകളിലെ ഹെഡ് മാസ്റ്റേഴ്സിനെ ടീച്ചിംഗിൽനിന്ന് ഒഴിവാക്കണമെന്നയാവശ്യം അവരുടെ സംഘടനകൾ പലപ്രാവശ്യം ഉന്നയിച്ചിട്ടുണ്ട്. സ്ട്രങ്ത് കൂടുതലുള്ള സ്കൂളുകൾക്ക് അങ്ങനെയുള്ള സൗകര്യങ്ങളുണ്ടാക്കി കൊടുക്കാമെന്നും അതുപോലെതന്നെ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഉണ്ടാകുന്ന വിദ്യാലയങ്ങളിൽ അവരെ ടീച്ചിംഗിൽനിന്ന് ഒഴിവാക്കി കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുവാനും ഗവൺമെൻറ് ആലോചിക്കുകയാണ്.

ശ്രീ. വി. കെ. രാജൻ: പ്രൈമറി വിദ്യാഭ്യാസത്തിന് പ്രത്യേക ഡയറക്ടറേറ്റ് വേണമെന്നയാവശ്യം മന്ത്രിയുടെ പാർട്ടിയിലുള്ള അദ്ധ്യാപകരുൾപ്പെടെ കേരളത്തിലെ എല്ലാ അദ്ധ്യാപകസംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാട്ടിൽ ഒരാളും ആവശ്യപ്പെടാത്ത പ്രീ–ഡിഗ്രി ബോർഡ് രൂപീകരണത്തിന് ധൃതി കാണിച്ച മന്ത്രി നല്ലൊരു പൊതുജനാഭിപ്രായമെന്ന രീതിയിൽ തൻെറ മുൻഅഭിപ്രായം ഒന്ന് പുനഃപരിശോധിച്ചുകൊണ്ട് ഈ ഡയറക്ടറേറ്റ് രൂപീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ധ്യാപക സംഘടനകൾ ആവശ്യപ്പെട്ടതുകൊണ്ടുമാത്രം ഡയറക്ടറേറ്റ് രൂപീകരിക്കണമെന്നില്ല. പ്രീ–ഡിഗ്രിബോർഡ് വേണ്ടെന്ന് കേരളത്തിലെല്ലാവരും പറഞ്ഞിട്ടുണ്ടെന്നു പറയുന്നത് ശരിയല്ല. വേണമെന്നു പറഞ്ഞ ധാരാളം ജനങ്ങളും വിദ്യാഭ്യാസ വിചക്ഷണൻമാരും സംഘടനകളും ഉണ്ട്.

ശ്രീ. വി. സുരേന്ദ്രൻപിള്ള: പ്രൈമറി വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരണം ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലില്ലെന്ന് പറഞ്ഞു. നിർഭാഗ്യവശാൽ പ്രീ–ഡിഗ്രി ബോർഡ് വിരുദ്ധ സമരത്തിന് നേതൃത്വം കൊടുത്ത ആളുകൾ പ്രൈമറി വിദ്യാഭ്യാസ ഡയറക്ടറേറ്റിന് എതിരായി ഗൂഢശ്രമങ്ങൾ നടത്തുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെയുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: പ്രൈമറി മേഖലയിൽ ഇപ്പോഴും നാലുതരം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് രണ്ട് എന്നാണ്. ഗവൺമെൻറ് പ്രൈമറിയും മാനേജ്മെൻറ് പ്രൈമറിയും അൺറെക്കഗ്നൈസ്ഡ് പ്രൈമറിയും ഇത് മൂന്നിലും പെടാത്ത ഒരു പ്രൈമറിയും കേരളത്തിൽ നടക്കുന്നുണ്ട്. അവർ എക്സാമിനേഷനു മാത്രമേ ഗവൺമെൻറുമായിട്ട് ബന്ധപ്പെടുന്നുള്ളൂ. ഫീസുവാങ്ങിയ്ക്കലും അദ്ധ്യാപകനെ നിയമിക്കലുമൊക്കെ അവർ നടത്തുന്നു. ഒരു ഡയറക്ടറേറ് പ്രത്യേകമായിട്ട് വയ്ക്കുകയാണെങ്കിൽ ഇതിനു ഒരു ഏകീകരണം ഉണ്ടാക്കാൻ കഴിയും. ഈ രംഗത്തു് ഇന്നു നടമാടുന്ന അരാജകാവസ്ഥ ഇല്ലാതാക്കാനും മാനേജ്മെൻറിന്റെ പിടിയിൽ നിന്ന് മോചിപ്പിക്കാനും ഒരു പ്രത്യേക ഡയറക്ടറേറ് സ്ഥാപിക്കുന്നത് നല്ലതല്ലേയെന്ന് ആലോചിക്കുന്നത് ഉചിതമല്ലേ? ഗവൺമെൻറ് ഇതിനെപ്പറ്റി എന്ത് പറയുന്നു?

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ വിദ്യാഭ്യാസനിയമം അനുസരിച്ച് ഡിപ്പാർട്ടുമെൻറൽ സ്കൂൾസ്, എയിഡഡ് സ്കൂൾസ്, അൺ എയിഡഡ് സ്കൂൾസ് ഇങ്ങനെ മൂന്നുതരം വിദ്യാലയങ്ങളാണ് അംഗീകരിച്ചിട്ടുള്ളത്. അങ്ങ് ഇവിടെ പറഞ്ഞ കാര്യം സത്യമാണ്. കേരളത്തിലെ വിദ്യാഭ്യാസനയം അനുസരിച്ച് 7–ാം ക്ലാസ് വരെ പ്രൈവറായിട്ട് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ഇന്ന് കേരളത്തിലെ വിദ്യാഭ്യാസരംഗത്തുണ്ട്. അത് വിദ്യാഭ്യാസനിയമത്തിന്റെ ഭാഗമായി നിലനിൽക്കുന്നതാണ്. ആ സൗകര്യം എടുത്തുകളയണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. അത് വളരെ സജീവമായിട്ട് ഗവൺമെൻറ് പരിഗണിക്കുകയാണ്. ഈ സാഹചര്യത്തിൽ എൻ.സി.ഇ.ആർ.ടി. ചൂണ്ടിക്കാണിച്ച ഒരു വസ്തുത വെളിപ്പെടുത്തുകയാണ്. അതിനെക്കുറിച്ച് എൻ.സി.ഇ. ആർ. ടി. പറഞ്ഞിരിക്കുന്നത് കേരളത്തിൽ എൻറോൾമെൻറ് വർദ്ധിപ്പിക്കാനും ഡ്രോപ്പൗട്ട്സ് കുറയ്ക്കാനും കാരണം മൾട്ടിപ്പിൾ എൻട്രി സിസ്റ്റം നിലനിൽക്കുന്നുണ്ട് എന്നതുകൊണ്ടാണ്. അതായത് അഞ്ച് വയസ്സ് പൂർത്തിയാകുന്ന കുട്ടികൾ ഫോർമൽ എഡ്യൂക്കേഷന്റെ പാതയിലൂടെ സ്കൂളുകളിലേക്ക് വരുന്നു. അങ്ങനെയല്ലാതുള്ള കുട്ടികൾക്ക് പ്രൈവറായിട്ട് പഠിക്കാനും 7–ാം ക്ലാസ് വരെയുള്ള ഏതെങ്കിലും ക്ലാസ്സുകളിൽ വീണ്ടും ചേർന്ന് പഠിക്കാനുമുള്ള സാഹചര്യം കേരളത്തിൽ അനുവദിച്ചുകൊടുത്തിട്ടുണ്ട്. മൾട്ടിപ്പിൾ എൻട്രി സിസ്റ്റം നമ്മുടെ എൻറോൾമെൻറ് റേറ് വർദ്ധിപ്പിക്കാനും ഡ്രോപ്പൗട്ട്സ് കുറയ്ക്കാനും സഹായകമാണ്. ഇവിടെ ഡ്രോപ്പൗട്ട് റേറ് 3 ശതമാനമാണ്. ഇൻഡ്യയിലെ മറ് ഒരു സംസ്ഥാനത്തിലും ഇത്രയുമില്ല. അവിടെയെല്ലാം വളരെക്കൂടുതലാണ്. കേരളത്തിൽ നിലനിൽക്കുന്നത് ഉദാഹരണമായിട്ട് ചൂണ്ടിക്കാണിച്ചുകൊണ്ട് എൻ.സി.ഇ.ആർ.ടി. തന്നെ മറ് സ്റ്റേറുകൾക്ക് എഴുതിയിരിക്കുകയാണ്. അവിടെ മൾട്ടിപ്പിൾ എൻട്രി സിസ്റ്റം അഡോപ്ട് ചെയ്യണമെന്ന് പറഞ്ഞ് എഴുതിയിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യം ഉള്ളതുകൊണ്ട് സാങ്കേതികമായ ചില ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. എന്നാലും ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ ഈ കുട്ടികൾക്ക് സ്കൂളുകളിൽ ചേർന്ന് പഠിക്കാൻ ബുദ്ധിമുട്ടുണ്ടായാൽ അവരെ മാത്രം 7–ാം ക്ലാസ്സിൽ പ്രവേശിപ്പിക്കാനും ബാക്കിയുള്ളവർക്ക് പ്രൈവറ് ആയിട്ട് പഠിച്ച് പരീക്ഷ എഴുതാനുള്ള അവസരം ഒഴിവാക്കാനും വിദ്യാഭ്യാസ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly